## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7499 | 17.07.2012 ൽ മറുപടിയ്ക്ക്

### കൊണ്ടോട്ടി മണ്ഡലത്തിലെ കൃഷിഭവനുകൾ കേന്ദ്രീകരിച്ചുള്ള കാർഷിക വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ കൊണ്ടോട്ടി, നെടിയിരുപ്പ്, പുളിക്കൽ, ചെറുകാവ്, വാഴയൂർ, വാഴക്കാട്, ചീക്കോട്, മുതുവല്ലൂർ എന്നീ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് 2011-12 വർഷത്തിൽ കാർഷിക പുരോഗതി ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ കാലയളവിൽ ഇവിടെ കർഷകർക്ക് എന്തെല്ലാം സഹായം നൽകിയെന്നും, കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി എത്ര തുകയുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്നും, അതിൽ എത്രരൂപ അനുവദിക്കപ്പെട്ടുവെന്നും ഓരോ കൃഷിഭവനും കേന്ദ്രീകരിച്ച് പ്രത്യേകം കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | കർഷകർക്ക് നൽകിയ ധനസഹായം അനുബന്ധം - I ലും പ്രകൃതിക്ഷോഭ-നഷ്ടപരിഹാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ തുകയും അനുവദിച്ച തുകയും അനുബന്ധം - II ലും കൊടുത്തിരിക്കുന്നു. |
| (സി) | കൃഷിയോഗ്യമല്ലാത്തതോ, കൃഷിയിറക്കാത്തതോ ആയ ഭൂമിയിൽ കൃഷിയിറക്കുന്നതിന് ഇവിടെ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | തരിശുഭൂമിയിലെ കൃഷികൾക്കായി അനുബന്ധം III ൽ പറയും പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിയിരുന്നു. |
| (ഡി) | കൃഷി വകുപ്പ് യഥാസമയം നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമേ ഓരോ പ്രദേശത്തിന്റെയും തനതായ കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിന് | (ഡി) | കൃഷി വകുപ്പ് പദ്ധതികൾക്ക് പുറമേ നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ വികസനത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ കൃഷി ഭവനു കീഴിലും പ്രത്യേക |

ഏതെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ആയതു പ്രകാരം കൃഷി ഭവൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധം IV ൽ കൊടുത്തിരിക്കുന്നു.

**(ഇ)** രാഷ്ട്രീയ കൃഷി വികാസ് യോജന പോലുള്ള കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഏതെങ്കിലും സ്കീമുകൾക്ക് അനുയോജ്യമായ ഏതെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

**(ഇ)** രാഷ്ട്രീയ കൃഷി വികാസ് യോജന സ്കീമിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്.

1. ഹെക്ടറിന് 3000 രൂപ തോതിൽ നെൽകർഷകർക്ക് ധനസഹായം.

2. നാളീകേര ക്ലസ്റ്ററുകളിൽ രോഗബാധിത മരങ്ങൾ വെട്ടി മാറ്റി പുതിയ തൈകൾ നടുന്നതിനും ഉൽപാദനോപാധികൾക്ക് സഹായം നൽകുന്നതിനും ഒരു ഹെക്ടറിന് 17500/- രൂപ വീതം നൽകുന്നതിനുള്ള പദ്ധതി.

3. പാട്ടകരാർ വഴി തരിശുഭൂമികളിൽ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യുന്നതിന് 25000/- രൂപ മുതൽ 35000/- രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

എന്നാൽ മേൽ പദ്ധതികൾക്കു കീഴിൽ ഓരോ നിയോജക മണ്ഡലത്തിലും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ അളവ് അന്തിമമായി തീരുമാനിച്ചിട്ടില്ല.

**(എഫ്)** കാർഷികമേഖലയായ ഈ മണ്ഡലത്തിലെ കാർഷിക രംഗത്തെ പുരോഗതി ലക്ഷ്യമാക്കി എന്തെല്ലാം പുതിയപദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ഓരോ കൃഷിഭവനും കേന്ദ്രീകരിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**(എഫ്)** കാർഷിക രംഗത്തെ പുരോഗതി ലക്ഷ്യമാക്കി കൃഷിഭവനുകളിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം V ൽ വിവരിച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**